"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ പട്ടിവർഗ്ഗ വീട് പുനരുദ്ധാരണ പദ്ധതിയിൽ ശ്രീമതി. അമ്മിണി, തോട്ടുങ്കൽ, മാഞ്ഞാമറ്റം, ശ്രീമതി. സരോജിനി, തോട്ടുങ്കൽ, മാഞ്ഞാമറ്റം എന്നിവർക്ക് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2098/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 അകലക്കുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07/08/2020-ലെ എ2-15/20 നമ്പർ കത്ത്.

2 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/09/2020-ലെ കത്ത്.

3 കോർഡിനേഷൻ കമ്മിറ്റിയുടെ 23/09/2020-ലെ 4.26 നമ്പർ തീരുമാനം.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വാർഷിക പദ്ധതിയിൽ പട്ടിക വർഗ്ഗ വീട് പുനരുദ്ധാരണ പദ്ധതിയുടെ ഗുണഭോക്താക്കളായി ശ്രീമതി. അമ്മിണി തോട്ടുങ്കൽ, മാഞ്ഞാമറ്റം, ശ്രീമതി. സരോജിനി തോട്ടുങ്കൽ, മാഞ്ഞാമറ്റം എന്നിവരെ ഊരുകൂട്ടം തെരഞ്ഞെടുത്തിട്ടുള്ളതാണ്. എന്നാൽ 2016-17 വാർഷിക പദ്ധതിയിൽ ടിയാളുകൾക്കു പട്ടിക വർഗ്ഗ വീട് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റായി 25,000/- രൂപ നല്കിയിട്ടുള്ളതാണ് .

2. നിലവിൽ ഇവരുടെ വീടിന്റെ മേല്ക്കൂര ജീർണ്ണിച്ചും മറ്റ് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമാണ്. ആയതിനാൽ പട്ടികവർഗ്ഗ വീട് പുനരുദ്ധാരണ പദ്ധതിയുടെ ഗുണഭോക്താക്കളായി മറ്റ് അപേക്ഷകർ ഇല്ലാത്തതിനാൽ ഊരുകൂട്ടം തെരഞ്ഞെടുത്ത ശ്രീമതി. അമ്മിണി തോട്ടുങ്കൽ, മാഞ്ഞാമറ്റം, ശ്രീമതി. സരോജിനി തോട്ടുങ്കൽ, മാഞ്ഞാമറ്റം എന്നിവർക്ക് 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 1,00,000/- രൂപ വീതം ആനുകൂല്യം നല്കണമെന്ന സൂചന (1) ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ സൂചന (2) പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി .

3. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അമ്മിണി തോട്ടുങ്കൽ, മാഞ്ഞാമറ്റം, ശ്രീമതി. സരോജിനി തോട്ടുങ്കൽ, മാഞ്ഞാമറ്റം എന്നിവർക്ക് 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വീതം ഭവന പുനരുദ്ധാരണത്തിന് നല്കാൻ അകലക്കുന്നം ഗ്രാമപഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം ജില്ല

സെക്രട്ടറി, അകലക്കുന്നം ഗ്രാമ പഞ്ചായത്ത്, കോട്ടയം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

File No.DB4/208/2020-LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ